ഉത്തരം

(എ) 510

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഇവയ്ക്കു കെട്ടിട നിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയാണ്.

പ്രൊട്ടക്ടഡ് അദ്ധ്യാപകർ

174 [221] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86, 1986-87 എന്നീ വർഷങ്ങളിൽ പ്രൊട്ടക്ഷൻ നൽകിയിട്ടുള്ള അദ്ധ്യാപകർ എത്ര ;

(ബി) അവർക്ക് ശമ്പളം ഇനത്തിലും മറ്റ് ആനുകൂല്യങ്ങൾ നൽകിയ വകയിലും ഓരോ വർഷവും ചെലവായ തുക എത്ര ?

ഉത്തരം

(എ, ബി) 24-9-1985-ലെ കണക്ക് അനുസരിച്ച് 5072 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഉണ്ട്. അവർക്കായി ഏകദേശം ഒൻപത് കോടിയിൽപ്പരം രൂപ ചെലവാക്കുന്നുണ്ട്. പ്രത്യേകം വർഷം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു വരുന്നു.

നടുവിൽ ടെക്നിക്കൽ ഹൈസ്ക്കൂളിൽ സ്റ്റാഫിന്റെ നിയമനം

175 [222] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ആരംഭിച്ച കണ്ണൂർ ജില്ലയിലെ നടുവിൽ ടെക്നിക്കൽ ഹൈസ്ക്കൂളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതുമൂലം ഇനിയും അദ്ധ്യയനം ആരംഭിച്ചിട്ടില്ലായെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്രയും വേഗം സ്റ്റാഫിനെ നിയമിച്ച് ക്ലാസുകൾ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഈ സ്ക്കൂളിലെ ഒന്നാം വർഷത്തേക്കാവശ്യമായ സ്പെഷ്യൽ ഓഫീസറെയും രണ്ടു ഇൻസ്ട്രക്ടർമാരെയും നിയമിച്ച് ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റു തസ്തികകളിലേക്കും ഉടനെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കൃഷ്ണൻകുട്ടിയുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം

176 [223] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പുതുനഗരം മുസ്ലീം ഹൈസ്ക്കൂളിൽ നിന്നും റിട്ടയർ ചെയ്ത യു. പി. സ്ക്കൂൾ അദ്ധ്യാപകനായ ശ്രീ. പി. കൃഷ്ണൻകുട്ടിക്ക് പ്രോവിഡന്റ് ഫണ്ട് വിഹിതത്തിൽ കൊടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

തായ ബാക്കി തുക ഇതുവരെയും കൊടുത്തു തീർക്കാത്തതിന്റെ കാരണമെന്ത് ;

(ബി) ബാക്കി തുക ഉടനടി നൽകാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രീ. പി. കൃഷ്ണൻകുട്ടിയുടെ പി. എഫ്. അക്കൗണ്ട് ക്ലോസ് ചെയ്ത 5,498 രൂപ അദ്ദേഹത്തിന് നൽകിക്കഴിഞ്ഞു.

(ബി) ചില സാങ്കേതിക കാരണങ്ങളാൽ ബാക്കി സംഖ്യ നൽകാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സംഖ്യ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

അംഗൻവാടി സൂപ്പർവൈസർമാരുടെ നിയമനം

177 [226] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗൻവാടി സൂപ്പർവൈസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ഡി) നിയമനങ്ങൾ നടത്തിയത് ആരായിരുന്നു ;

(ഇ) അതിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പിന്റെ ചുമതല ആർക്കായിരുന്നു ;

(എഫ്) നിയമനത്തിന്റെ മാനദണ്ഡം എന്തായിരുന്നു ;

(ജി) നിയമനത്തിന്റെ നടപടിക്രമങ്ങൾ എന്തായിരുന്നു എന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 243 പേർക്ക് നിയമനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.

(സി) നിയമനം നൽകപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു †

(ഡി) സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടർ.

(ഇ) നിയമനം നൽകപ്പെട്ടിട്ടുള്ള 243 പേരിൽ 55 പേരെ പ്രമോഷൻ മുഖേനയും 25 പേരെ ഡെപ്യൂട്ടേഷൻ വഴിയും 20 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുമാണ് നിയമിച്ചത്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 143 പേരെ തെരഞ്ഞെടുത്തത് തദ്ദേശസ്വയംഭരണവും സാമൂഹ്യക്ഷേമവും വകുപ്പിലെ ജോയിന്റ് സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടർ, എ. സി. ഡി. എസ്. സ്പെഷ്യൽ കോ-ഓർഡിനേറ്റർ, കളമശ്ശേരി സോഷ്യൽ സയൻസ് കോളേജ് പ്രിൻസിപ്പൽ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയാണ്.

(എഫ്) പ്രമോഷൻ നൽകിയത് സാമൂഹ്യക്ഷേമവകുപ്പിലെ കെയർ മദർ, ലിറ്റററി ടീച്ചർ, മേട്രൻ ഗ്രേഡ് I എന്നീ തസ്തികകളിൽപ്പെടുന്നവരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി അവരുടെ സീനിയോറിറ്റി അടിസ്ഥാനത്തിലാണ്. ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിച്ചത് ഹരിജന ക്ഷേമ

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly